---

## *2012-ലെ കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് സ്റ്റാഫ് (നിയമനവും, സേവന വ്യവസ്ഥകളും, പെരുമാറ്റവും അച്ചടക്കവും) ഭേദഗതി ചട്ടങ്ങൾ

**കേരള സർക്കാർ**

**തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്**

**വിജ്ഞാപനം**

എസ്. ആർ. ഒ. നമ്പർ 536/2012.— 1978-ലെ കേരള ചുമട്ടു തൊഴിലാളി നിയമം (1980-ലെ 20) 16-ഉം 19-ഉം 43-ഉം വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട്, കേരള സർക്കാർ 2002 ആഗസ്റ്റ് 14-ാം തീയതിയിലെ ജി.ഒ. (എംഎസ്.) നമ്പർ 56/2002/തൊഴിൽ നമ്പർ ഉത്തരവിൻകീഴിൽ പുറപ്പെടുവിച്ചതും 2002 ആഗസ്റ്റ് 29-ാം തീയതിയിലെ 1266-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 677/2002 ആയി പ്രസിദ്ധപ്പെടുത്തിയതുമായ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്റ്റാഫ് (നിയമനവും, സേവന വ്യവസ്ഥകളും, പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങൾ, 2002 ഭേദഗതി ചെയ്യുന്നതിന് താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:

**ചട്ടങ്ങൾ**

1. **ചുരുക്കപ്പേരും പ്രാരംഭവും.**— (1) ഈ ചട്ടങ്ങൾക്ക് 2012-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്റ്റാഫ് (നിയമനവും, സേവനവ്യവസ്ഥകളും, പെരുമാറ്റവും അച്ചടക്കവും) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. **ചട്ടങ്ങൾക്കുള്ള ഭേദഗതി.**— കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്റ്റാഫ് (നിയമനവും, സേവന വ്യവസ്ഥകളും, പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങൾ 2002-ലെ അനുബന്ധത്തിൽ, (1)-ാം കോളത്തിലെ (ബി) വിഭാഗത്തിൽ ഉദ്യോഗപ്പേര് എന്ന ശീർഷകത്തിൻ കീഴിൽ, (8) ലോവർ ഡിവിഷൻ ക്ലാർക്ക് എന്ന തസ്തികക്കുനേരെ,

(1) (3)-ാം കോളത്തിൽ (ബി) ഉൾക്കുറിപ്പിനുശേഷം താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം (3)-ഉം (4)-ഉം കോളങ്ങളിൽ ചേർക്കേണ്ടതാണ്, അതായത്:

| | |
|---|---|
| (സി) (സി) വിഭാഗത്തിലെ അറ്റൻഡർ, റോണിയോ ഓപ്പറേറ്റർ, പ്യൂൺ എന്നീ ജീവനക്കാരിൽ നിന്നും തസ്തികമാറ്റം മുഖേനയുള്ള നിയമനം | (1) ബോർഡിലെ പ്യൂൺ തസ്തികയിൽ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയിരിക്കണം |

---

* 26/07/2012-ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 1594-ൽ 23/07/2012-ലെ ജി.ഒ (എം.എസ്.) നമ്പർ 110/എച്ച്3/12/തൊഴിൽ. വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കപ്പെട്ടു.

(2) ബോർഡിന്റെ സ്ഥിരം സർവ്വീസിൽ 4 വർഷത്തിൽ കുറയാത്ത സേവനം പൂർത്തിയാക്കിയിരിക്കണം.

(3) ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബി.എ./ബി.എസ്.സി./ബി.കോം. ബിരുദം അല്ലെങ്കിൽ തത്തുല്യമായ ഏതെങ്കിലും ബിരുദം.

(2) കുറിപ്പ് 2–ന് ശേഷം താഴെപ്പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:

3 എൽ. ഡി. ക്ലാർക്ക് തസ്തികയിലെ 2% തസ്തികകളിലേക്കാണ് (സി) ഇനം അനുസരിച്ചുള്ള നിയമനം നടത്തേണ്ടത്. പ്രൊമോഷൻ വഴിയോ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് മാത്രമേ ഇപ്രകാരത്തിലുള്ള തുടർ നിയമനം നടത്താൻ പാടുള്ളൂ. ഇപ്രകാരത്തിലുള്ള നിയമനത്തിന് നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധി ബാധകമല്ല. എന്നാൽ, ഇത്തരത്തിൽ നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗസ്ഥരില്ലാത്തപക്ഷം പ്രസ്തുത ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്താവുന്നതാണ്.